റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. തീർച്ചയായും ഇതിനെസംബന്ധിച്ച് ചർച്ചചെയ്യാൻ അങ്ങ് അനുവദിക്കണം. അങ്ങ് അതിനു് അനുവദിക്കാത്തപക്ഷം ഞങ്ങൾ വാക്കൗട്ട് നടത്തും.

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ചിടത്തോളമുള്ള പ്രസക്തമായ വിവരങ്ങളെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണുള്ളതു്. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ചർച്ച നടത്തുന്നതിനെപ്പറ്റി ആലോചിക്കുക എന്നുള്ളതു് തീർച്ചയായും ശരിയായിരിക്കുകയില്ല. മറ്റൊരു ബഹുമാനപ്പെട്ട മന്ത്രിക്കും ഇതിനെ സംബന്ധിച്ചു പറയാൻ നിവൃത്തിയില്ലാത്ത സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെ സംബന്ധിച്ചു് നാളെ പറയുമെന്നാണു് പറയുന്നതു്.

I am holding over this adjournment motion so that the Chief Minister can make a statement tomorrow.

ശ്രീ. കെ. എം. ജോർജ്ജ് : അങ്ങ് ഇതു് നാളത്തേയ്ക്കു് മാറ്റിവെച്ച എന്നുള്ളതിനെപ്പറ്റി ഒന്നും പറയാനില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹാജരാകാത്തതുകൊണ്ടു് തൊട്ടടുത്ത മന്ത്രിയെ ഏൽപ്പിച്ചിട്ടില്ല എന്നൊന്നും വിശ്വസിക്കാൻ നിവൃത്തിയില്ല. ഇതു് ഈ സഭയോടുള്ള അങ്ങേയറ്റത്തെ അവഗണനയാണു്. ഇതിൽ പ്രതിഷേധിച്ചു് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(Shri K. M. George followed by the members of the Kerala Congress Party walked out of the House)

ശ്രീ. എ. വി. ആര്യൻ : സർ, ഇന്നലെ രാവിലെ സമാധാനപരമായി ജോലി ചെയ്തുകൊണ്ടിരുന്ന കർഷകത്തൊഴിലാളികളുടെമേൽ മുതുകുളം കരുവാറ്റ എന്നീ പ്രദേശങ്ങളിലെ കുറെ കോൺഗ്രസ്സുകാർ ചേർന്നു് ആക്രമിച്ചതിനെതിരായി അടിയന്തിരമായ നടപടികളെടുക്കുന്നതിനു് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. കർഷകത്തൊഴിലാളികളെ പല വിധത്തിലും കോൺഗ്രസ്സുകാർ ദ്രോഹോപദ്രവം ചെയ്തതിനുശേഷം പോലീസുസ്റ്റേഷനിൽ വിളിച്ചുകൊണ്ടുപോയി ലാത്തികൊണ്ടു് മർദ്ദിച്ചതായും വിവരം ലഭിച്ചിട്ടുണ്ട്. പോലീസു പക്ഷപാതപരമായി പെരുമാറി എന്നാണു് ആക്ഷേപമുള്ളതു്. ഇതിനെസംബന്ധിച്ചു് കാര്യമായി ഗവണ്മെന്റ് നടപടി നടത്തണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അതു് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണം.

(iii) Strike by members of Kerala Govt. Nurses Association.

മി. സ്പീക്കർ : കേരളത്തിലെ ഗവണ്മെന്റു ആശുപത്രികളിലെ രണ്ടായിരത്തിൽപരം നേഴ്സുകൾ പേക്കമ്മീഷൻ റിപ്പോർട്ടിൽ പ്രതിഷേധിച്ചു് പണിമുടക്കിയിരിക്കുന്നതുമൂലം ഉളവായിരിക്കുന്ന സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിനായി ശ്രീ. ടി. എ. മജീദു് ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസു് നൽകിയിട്ടുണ്ടു്. അതിനെപ്പറ്റി ബഹു: മന്ത്രിക്കു് എന്താണു പറയാനുള്ളതു് ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) : സർ, ഞാൻ നാളെ ഇതിനെപ്പറ്റി പറയാം.

(iv) Closure of toddy shops in Wadakkancherry

മി. സ്പീക്കർ : വടക്കാഞ്ചേരി ചാവക്കാടു് പ്രദേശങ്ങളിലെ കള്ളഷാപ്പുകളും പൂട്ടിയിരിക്കുന്നതുമൂലം മൂവായിരത്തോളം തൊഴിലാളികൾക്കു് ജോലി നഷ്ടപ്പെട്ടതിനെസംബന്ധിച്ചു് ശ്രീ. ദേവസ്സിക്കുട്ടി ഒരു നോട്ടീസു് നൽകിയിട്ടുണ്ടു്.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : വടക്കാഞ്ചേരി, തൃശ്ശൂർ, ചേർപ്പു്, മാള എന്നീ റേഞ്ചുകളിലുള്ള കള്ളഷാപ്പുകളും നടത്തിവന്നിരുന്ന കോൺട്രാക്ടർമാർ കഴിഞ്ഞ 1-ാം തീയതി മുതൽ ഷാപ്പുകളും നടത്തുന്നില്ലെന്നു പറഞ്ഞുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly